## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1603 03.10 .2011ൽ മറുപടിയ്ക്ക്

### കലാപശേഷം മാറാട് പ്രദേശത്ത് ഭൂമി കൈമാറ്റം ചെയ്തവരുടെ വിശദാംശം

| ചോദ്യം<br>ശ്രീ രാജു എബ്രഹാം : | മറുപടി<br>ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മാറാട് കലാപം നടന്ന പ്രദേശങ്ങളിൽ കലാപശേഷം വലിയ തോതിൽ ഭൂമി വാങ്ങിയവരെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. കലാപത്തിനുശേഷവും അതിനു മുമ്പും മാറാട് വലിയതോതിൽ ഭൂമി ഇടപാടുകൾ നടന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ആയതിനെ കുറിച്ച് വിശദമായ അന്വേഷണം ക്രൈം ബ്രാഞ്ച് വിഭാഗം നടത്തി വരികയാണ്. |
| ബി) അന്വേഷണച്ചുമതല ആർക്കാണ് നൽകിയിരുന്നത് ; അന്വേഷണത്തിൽ കണ്ടെത്തിയ കാരണങ്ങൾ എന്തൊക്കെയാണ് ; | ബി) കോഴിക്കോട് ക്രൈം ബ്രാഞ്ച് HHW 3, പോലീസ് സൂപ്രണ്ട് ശ്രീ സി. എം. പ്രദീപ് കുമാറിനാണ് അന്വേഷണ ചുമതല. മാറാട് അന്വേഷണ കമ്മീഷൻ കണ്ടെത്തിയ കാര്യങ്ങൾ ശരിയാണെന്ന രീതിയിലാണ് അന്വേഷണം തുടരുന്നത്. |
| സി) കലാപശേഷം ഈ പ്രദേശത്ത് 15.09.2011വരെ നടന്നിട്ടുള്ള ഭൂമി കൈമാറ്റങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; വിൽക്കപ്പെട്ട വസ്തുവിന്റെ വിസ്തൃതി , വിറ്റ ആളിന്റെ വിലാസം, വാങ്ങിയവരുടെ വിലാസം തുടങ്ങിയവ ലഭ്യമാക്കാമോ ? | സി) ഭൂമി കൈമാറ്റം സംബന്ധിച്ച് വിവര ശേഖരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷണത്തിന്റെ ഭാഗമായി നടന്നു വരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ